<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4769**</u> <u>**19-03-2025 - ൽ മറുപടിയ്ക്ക്**</u>

<u>**ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മത്സ്യത്തൊഴിലാളി സമൂഹം നേരിടുന്ന പിന്നോക്കാവസ്ഥ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മത്സ്യത്തൊഴിലാളി സമൂഹം പിന്നാക്കാവസ്ഥ നേരിടുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മത്സ്യത്തൊഴിലാളി സമൂഹം നേരിടുന്ന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | ഈ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മത്സ്യത്തൊഴിലാളി സമൂഹം നേരിടുന്ന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (സി) | തീരദേശ മേഖലകളിൽ വീട്, ശുദ്ധജലം, വിദ്യാഭ്യാസം, തൊഴിൽ എന്നിവ ഉറപ്പുവരുത്താനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) | തീരദേശ മേഖലകളിൽ വീട്, ശുദ്ധജലം, വിദ്യാഭ്യാസം, തൊഴിൽ എന്നിവ ഉറപ്പുവരുത്താനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം **അനുബന്ധം 2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

## ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മത്സ്യത്തൊഴിലാളി സമൂഹം നേരിടുന്ന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം

ആരോഗ്യ മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി തീരദേശത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, ആശുപത്രികൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി BIF-HDF ൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കൂടാതെ മത്സ്യത്തൊഴിലാളി മേഖലയിൽ തീരോന്നതി പദ്ധതി വഴി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചികിത്സക്ക് ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുകയും, തുടർ ചികിത്സ ആവശ്യമെങ്കിൽ ശുപാർശ ചെയ്യുകയും ചെയ്യുന്നു . കൂടാതെ തീരോന്നതിയിലെ സാന്ത്വനതീരം എന്ന പദ്ധതി വഴി മാരകരോഗങ്ങൾക്കുള്ള തുടർ ചികിത്സ ലഭ്യമാക്കുന്നു.

വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ഇവർക്ക് ഉന്നത വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുമായി വിദ്യാഭ്യാസ ആനുകൂല്യവും സ്കോളർഷിപ്പുകളും നൽകിവരുന്നുണ്ട്. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ മേഖലകളിൽ പഠനത്തിനായി വിദ്യാഭ്യാസ ആനുകൂല്യങ്ങളായ പ്രീ മെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് എന്നിവയും വിദ്യാതീരം പദ്ധതിയിലൂടെ സൗജന്യ മെഡിക്കൽ എൻട്രൻസ് കോച്ചിംഗ്, സൗജന്യ സിവിൽ സർവീസ് കോച്ചിംഗ്, എൻ.ഐ.ടി/ഐ.ഐ.ടി കോച്ചിംഗ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്, പഠന മേശ, കസേര എന്നിവ വിതരണം ചെയ്യുന്നു. കൂടാതെ "ദത്തെടുക്കൽ "പദ്ധതി പ്രകാരം രക്ഷിതാക്കൾ രണ്ടും രോഗബാധിതരായി കിടപ്പിലായതോ മരണമടഞ്ഞതോ ആയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിനാവശ്യമായ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ പ്രതിഭാതീരം പദ്ധതി വഴി സംസ്ഥാനത്തെ തീരപ്രദേശത്തെ തെരഞ്ഞെടുക്കപ്പെട്ട വായനശാലകളെ E-learning സെന്റർ ആക്കി മാറ്റുന്നതിനും, അത് വഴി തീരപ്രദേശത്തെ വിദ്യാർത്ഥികൾക്ക് പഠന നിലവാരത്തിൽ മുന്നേറ്റം ലഭ്യമാക്കുന്നതിനും കഴിയുന്നു. സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 10 റെസിഡെൻഷ്യൽ സ്കൂളുകൾ വഴി മത്സ്യമേഖലയിലെ വിദ്യാർത്ഥികൾക്ക് എല്ലാ ആധുനിക അടിസ്ഥാന സൗകര്യങ്ങളും നൽകി മികച്ച പഠനം ഉറപ്പാക്കുന്നു. കൂടാതെ മത്സ്യമേഖലയിൽ നിന്നും വിദ്യാർത്ഥികളെ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ എത്തിക്കുന്നതിനായി കരിയർ ഗൈഡൻസ് ക്യാമ്പുകൾ നടത്തി വരുന്നു.

തൊഴിൽതീരം  എന്ന പദ്ധതി വഴി കേരളാ നോളെജ് എക്കണോമി മിഷനുമായി സഹകരിച്ച് മത്സ്യത്തൊഴിലാളി വിഭാഗങ്ങളിലെ തൊഴിലന്വേഷകരായ മുഴുവൻ യുവജനങ്ങളെയും വൈജ്ഞാനിക തൊഴിൽ മേഖലയിൽ എത്തിക്കുന്നതിനും, തൊഴിൽ മേള ഉൾപ്പെടെ നടത്തി മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ മത്സ്യബന്ധനം അല്ലാതെയുള്ള ഒരു തൊഴിൽ ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലകളിൽ ഫിഷറീസ് വകുപ്പ് നേരിട്ട് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി റസിഡൻഷ്യൽ സ്കൂൾ നടത്തുന്നുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ മത്സ്യത്തൊഴിലാളി സമൂഹം നേരിടുന്ന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി മത്സ്യബോർഡ് നടപ്പാക്കുന്ന പദ്ധതികൾ  ചുവടെ ചേർക്കുന്നു.

## 1. ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതി

ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതി പ്രകാരം സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് 10 ലക്ഷം രൂപയും, സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 5 ലക്ഷം രൂപയും, അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം 5,000/- രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/- രൂപ), അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ ചികിത്സിക്കേണ്ടി വരുന്നവർക്ക് ധനസഹായം 25,000/- (പരമാവധി) രൂപയും അനുവദിച്ച് വരുന്നു.

## 2. <u>വാർദ്ധക്യകാല പെൻഷൻ</u>

വാർദ്ധക്യകാലത്ത് വരുമാന മാർഗ്ഗമൊന്നുമില്ലാതെ കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1,600/- രൂപയാണ്.

## 3. <u>അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി</u>

അപകടം മൂലം താൽക്കാലികമായി തൊഴിൽ ചെയ്യാൻ കഴിയാതെ വരുന്ന കാലത്തേക്ക് ഉപജീവനത്തിനുള്ള ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം പരമാവധി 500/- രൂപയാണ്.

## 4. <u>എസ്.എസ് എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്</u>

വിദ്യാഭ്യാസ പുരോഗതി നേടുന്നതിന് മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി .

**ക്യാഷ് അവാർഡ് തുക**

| | |
|---|---|
| 1. സംസ്ഥാന തലത്തിൽ എല്ലാ വിഷയങ്ങളിലും A+ നേടുന്നവർക്ക് - | 5,000/- രൂപ |
| 2. സംസ്ഥാന തലത്തിൽ 9 വിഷയങ്ങളിൽ A+ നേടുന്നവർക്ക് - | 4,000/- രൂപ |
| 3. സംസ്ഥാന തലത്തിൽ 8 വിഷയങ്ങളിൽ A+ നേടുന്നവർക്ക് - | 3,000/- രൂപ |
| 4. റീജിയണൽ ഫിഷറീസ് ടെക്കനിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) - | 3,000/- രൂപ |

ക്യാഷ് അവാർഡിനു പുറമെ മെറിറ്റ് സർട്ടിഫിക്കറ്റുകളും, മെമെന്റോയും നൽകുന്നതാണ്.

## 5. <u>കുടുംബ സംവിധാന പദ്ധതി</u>

വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തിക സഹായം നൽകികൊണ്ട് കുടുംബ സംവിധാനത്തിന് പ്രോത്സാഹനം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 500/- രൂപയാണ്.

## 6. <u>മാരകരോഗ ചികിൽസാ പദ്ധതി</u>

മാരകരോഗങ്ങൾ പിടിപെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ധ ചികിൽസയ്ക്കുവേണ്ട ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള പരമാവധി ധനസഹായം 50,000/- രൂപയാണ്.

**പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും**

| | | |
|---|---|---|
| 1. ഹൃദ്രോഗം | – | പരമാവധി 50,000/- രൂപ |
| 2. വൃക്കരോഗം | – | പരമാവധി 50,000/- രൂപ |
| 3. ക്യാൻസർ | – | പരമാവധി 50,000/- രൂപ |
| 4. തലച്ചോറിലെ ട്യൂമർ | – | പരമാവധി 50,000/- രൂപ |
| 5. തളർവാതം | – | പരമാവധി 12,000/- രൂപ |
| 6. ചികിൽസിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | – | പരമാവധി 5,000/- രൂപ |

7. **<u>ചെയർമാൻസ് റിലീഫ് ഫണ്ട്</u>**

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾ മൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അപകടം മൂലം ഗുരുതരമായ പരുക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക, അപകടം മൂലം മത്സ്യത്തൊഴിലാളി മരണമടയുകയും, കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗ്ഗമില്ലാതാവുകയും ചെയ്യുക, അപകടം മൂലമുള്ള രക്ഷാപ്രവർത്തനങ്ങളിലേർപ്പെട്ട് പരിക്കുപറ്റുക, തീപിടുത്തം മുതലായവ നിമിത്തം വീടിനും, വീട്ടുപകരണങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർത്ഥി ക്യാംപുകളിൽ പ്രവേശിപ്പിക്കപ്പെടുക, പാമ്പ്, പേനായ എന്നിവ കടിച്ചതു മൂലവും, തീപ്പൊള്ളലേറ്റും, ഇലക്ട്രിക് ഷോക്കേറ്റും അടിയന്തര ചികിൽസ വേണ്ടി വരിക, മത്സ്യബന്ധനവേളയിൽ കാണാതാകുന്നവരുടെ കുടുംബത്തിന് ദുരിതമുണ്ടാവുക തുടങ്ങിയ അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൗരവമനുസരിച്ച് 500/- രൂപ മുതൽ പരമാവധി 5,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

8. **<u>പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി</u>**

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. മത്സ്യത്തൊഴിലാളി വനിതകൾക്കും, മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷാ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ധനസഹായതുക 750/- രൂപയാണ്.

9. **<u>ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി</u>**

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി. ഹയർ സെക്കന്ററി (+2) വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം പ്രോത്സാഹന ധനസഹായം 5000/- രൂപയാണ്.

10. **<u>വിധവ പെൻഷൻ</u>**

മത്സ്യത്തൊഴിലാളികളുടെ മരണം മൂലം നിരാലംബരായി തീരുന്ന അവരുടെ ഭാര്യമാർക്ക് ആശ്വാസ ധനസഹായമെന്ന നിലയിൽ പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. മത്സ്യബോർഡിൽ വിഹിതമടച്ച് അംഗത്വമെടുത്ത ശേഷം വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ തുക ഒരു ഗഡുപോലും

കൈപ്പറ്റുന്നതിനുമുമ്പായി മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/- രൂപ നൽകി വരുന്നു.

11. **ബോർഡിന്റെ പ്രത്യേക ധനസഹായം**

ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുക ധനസഹായമായി ബോർഡ് യോഗത്തിന്റെ തീരുമാന പ്രകാരം അനുവദിയ്ക്കുന്നു.

**പ്രത്യേക പദ്ധതികൾ**

1. **സാന്ത്വനതീരം**

മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും, പെൻഷണർമാരുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച നടപ്പാക്കുന്ന പദ്ധതിയാണ് സാന്ത്വനതീരം പദ്ധതി. ഈ പദ്ധതി പ്രകാരം ഡയാലിസിസ്, കാൻസർ ചികിൽസ, തളർവാതം, കിടപ്പുരോഗം, സ്ത്രീ സംബന്ധമായ രോഗങ്ങൾ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയ്ക്ക് ശേഷം ഉള്ള ചികിൽസ, കരൾ രോഗത്തിനുള്ള ചികിൽസ, ഓട്ടിസം/ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ചികിൽസ എന്നിവയ്ക്കുള്ള തുടർ ചികിൽസ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്.

| ക്രമ നം. | രോഗചികിത്സ | ധനസഹായ തുക (മത്സ്യത്തൊഴിലാളി അനുബന്ധത്തൊഴിലാളി, പെൻഷണർ) |
|---|---|---|
| | | പ്രതിവർഷം പരമാവധി തുക (രൂപ) |
| 1 | ഹൃദ്രോഗം | 50,000/- |
| 2 | വൃക്കരോഗം, ഡയാലിസിസ് | 50,000/- |
| 3 | കരൾരോഗം | 20,000/- |
| 4 | ക്യാൻസർ | 50,000/- |
| 5 | കണ്ണ് ചികിത്സ | 25,000/- |
| 6 | സ്ട്രോക്ക്, തളർവാതം, കിടപ്പുരോഗം | 20,000/- |
| 7 | മത്സ്യബന്ധന വേളയിൽ കൈകാലുകൾ മുറിഞ്ഞ് പോകുന്ന അവസ്ഥ | 10,000/- |
| 8 | ഓട്ടിസം ചികിൽസ (മത്സ്യത്തൊഴിലാളിയുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക്) | 10,000/- |
| 9 | ഗർഭാശയ സംബന്ധമായ രോഗം സ്ത്രീ മത്സ്യത്തൊഴിലാളി, അനുബന്ധ ത്തൊഴിലാളി ) | 10,000/- |

## <u>മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്കുള്ള പുതിയ പദ്ധതികൾ</u>

1. **<u>സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി</u>**

MBBS, BDS, BAMS, BHMS, പാരാമെഡിക്കൽ കോഴ്സുകൾ എന്നീ പ്രൊഫഷണൽ മെഡിക്കൽ കോഴ്സുകൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാകാത്തതിനാൽ സ്വാശ്രയ കോളേജുകളിലോ, വിദേശത്തോ പോയി പഠിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് 1 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

2. **<u>ക്ഷേമനിധി അംഗങ്ങളുടെ ഭാര്യയ്ക്കും ഭർത്താവിനും മൈനറായ കുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിൽസാ സഹായം നൽകുന്നതിനുള്ള പദ്ധതി</u>**

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും കുടുംബത്തിന് മികച്ച ചികിത്സ ഉറപ്പ് വരുത്തുന്നതിനും മാരകരോഗം മൂലമുണ്ടാകാവുന്ന അപ്രതീക്ഷിത സാമ്പത്തിക പ്രതിസന്ധികളിൽ താങ്ങാവുന്നതിനും വേണ്ടി മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ഭാര്യക്കോ ഭർത്താവിനോ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കോ മാരകരോഗ ചികിത്സയ്ക്കായി പരമാവധി 25000 രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

3. **<u>അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം</u>**

മത്സ്യബന്ധനത്തിൽ / അനുബന്ധത്തൊഴിലിൽ ഏർപ്പെടുന്നതിനിടെയുള്ള അപകടത്തിൽ അംഗവൈകല്യം സംഭവിച്ച് തൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്ക് തൊഴിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതിയിൽ ഒരു ഗുണഭോക്താവിന് നൽകുന്ന ധനസഹായം 25,000/- രൂപയാണ്.

## അനുബന്ധം 2

## തീരദേശ മേഖലകളിൽ വീട്, ശുദ്ധജലം, വിദ്യാഭ്യാസം, തൊഴിൽ എന്നിവ ഉറപ്പുവരുത്താനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷം ഭരണാനുമതി നല്കിയിരുന്നു.

പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/ സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്.

പുനർഗേഹം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷനു സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ചെലവാകുന്ന തുക കൂടി ഇപ്രകാരം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.

വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 20 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു.

പുനർഗേഹം പദ്ധതി പ്രകാരം 9098 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4414 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3812 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2446 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1366 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. തിരുവനന്തപുരം ജില്ലയിൽ കാരോട്-128, ബീമാപ്പള്ളി -20, കൊല്ലം ജില്ലയിൽ QSS കോളനി - 114, മലപ്പുറം ജില്ലയിൽ പൊന്നാനി - 128 എന്നിങ്ങനെ ആകെ 390 കെട്ടിട സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

ഇപ്രകാരം ആകെ 2836 കുടുംബങ്ങളെ പൂർണ്ണമായും പുനരധിവസിപ്പിച്ചിട്ടുണ്ട്.

പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 204 ഫ്ലാറ്റുകൾ, തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (400), മലപ്പുറം ജില്ലയിലെ നിറമരുതൂർ (16), പൊന്നാനി ഫേസ് II (100), കോഴിക്കോട് ജിലയിൽ വെസ്റ്റ് ഹിൽ 80, കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കടകംപള്ളിയിൽ ഭരണാനുമതി നൽകിയ 168 ഫ്ലാറ്റുകളുടെയും വലിയതുറ സെന്റ് ആന്റണീസിൽ ഭരണാനുമതി നൽകിയ 24 ഫ്ലാറ്റുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ

മുട്ടത്തറ (96), കാരോട് (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. വിവിധ ജില്ലകളിലായി പദ്ധതി പ്രകാരം പുനരധിവസിപ്പിക്കേണ്ട ഗുണഭോക്താക്കൾക്കായി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഓഖി ഭവന പദ്ധതി**

ഓഖി ദുരന്ത ബാധിതരുടെ ആശ്രിതർക്കുള്ള ഭവന പദ്ധതിയുടെ ഭാഗമായി ഭൂമിയും വീടും നഷ്ടപ്പെട്ടവർക്കും ഭവന രഹിതരായവർക്കും ധനസഹായം അനുവദിച്ചു നൽകി. തീരദേശ മേഖലയിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയും നടപടികൾ സ്വീകരിക്കുന്നുണ്ട്. ശുദ്ധജലം ലഭ്യമാക്കുന്നതിനായി തദേശ സ്വയം ഭരണ വകുപ്പ് വഴി പി.വി.സി വാട്ടർ ടാങ്കുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ഇവർക്ക് ഉന്നതവിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുമായി വിദ്യാഭ്യാസ ആനുകൂല്യവും സ്കോളർഷിപ്പുകളും നൽകിവരുന്നുണ്ട്. മത്സ്യ തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ മേഖലകളിൽ പഠനത്തിനായി വിദ്യാഭ്യാസ ആനുകല്യങ്ങളായ പ്രീമെട്രിക്ക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് എന്നിവയും വിദ്യാതീരം പദ്ധതിയിലൂടെ സൗജന്യ മെഡിക്കൽ എൻട്രൻസ് കോച്ചിംഗ്, സൗജന്യ സിവിൽ സർവീസ് കോച്ചിംഗ്, NIT/IIT കോച്ചിംഗ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്, പഠന മേശ , കസേര എന്നിവ വിതരണം ചെയ്യുന്നു. കൂടാതെ " ദത്തെടുക്കൽ "പദ്ധതി പ്രകാരം രക്ഷിതാക്കൾ രണ്ടും രോഗബാധിതരായി കിടപ്പിലായതോ മരണമടഞ്ഞതോ ആയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിനാവശ്യമായ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ പ്രതിഭാതീരം, പദ്ധതി വഴി സംസ്ഥാനത്തെ തീരപ്രദേശത്തെ തെരഞ്ഞെടുക്കപ്പെട്ട വായനശാലകളെ ഇ-ലേണിംഗ് സെന്റർ ആക്കി മാറ്റുന്നതിനും, അത് വഴി തീരപ്രദേശത്തെ വിദ്യാർത്ഥികൾക്ക് പഠന നിലവാരത്തിൽ മുന്നേറ്റം ലഭ്യമാക്കുന്നതിനും കഴിയുന്നു . സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 10 റെസിഡെൻഷ്യൽ സ്കൂളുകൾ വഴി മത്സ്യമേഖലയിലെ വിദ്യാർത്ഥികൾക്ക് എല്ലാ ആധുനിക അടിസ്ഥാന സൗകര്യങ്ങളും നൽകി മികച്ച പഠനം ഉറപ്പാക്കുന്നു. കൂടാതെ മത്സ്യമേഖലയിൽ നിന്നും വിദ്യാർത്ഥികളെ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ എത്തിക്കുന്നതിനായി കരിയർ ഗൈഡൻസ് ക്യാമ്പുകൾ നടത്തി വരുന്നു.

തൊഴിൽതീരം, എന്ന പദ്ധതി വഴി കേരളാ നോളെജ് എക്കൊനോമി മിഷനുമായി സഹകരിച്ചു മത്സ്യത്തൊഴിലാളി വിഭാഗങ്ങളിലെ തൊഴിലന്വേഷകരായ മുഴുവൻ യുവജനങ്ങളെയും വൈജ്ഞാനിക തൊഴിൽ മേഖലയിൽ എത്തിക്കുന്നതിനും, തൊഴിൽമേള ഉൾപ്പടെ നടത്തി മത്സ്യതൊഴിലാളി കുടുംബങ്ങളിൽ മത്സ്യബന്ധനം അല്ലാതെയുള്ള ഒരു തൊഴിൽ ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലയിൽ ഫിഷറീസ് വകുപ്പ് നേരിട്ട് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി റസിഡൻഷ്യൽ സ്കൂൾ നടത്തുന്നുണ്ട്.

തീരദേശ മേഖലയിൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സാഫ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. **ചെറുകിട തൊഴിൽ സംരഭങ്ങളുടെ വികസനം (Development of Micro Enterprises)**

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിച്ചു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20

ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾ സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്തു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിച്ചത്. സ്ഥിരാസ്ഥിതികൾ വാങ്ങുന്നതിന് ഒന്നാം ഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിച്ചു.

കൂടാതെ ടി പദ്ധതിയുടെ സുസ്ഥിര നിലനിൽപ്പിനായി പലിശ രഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, സാങ്കേതികവിദ്യാ നവീകരണം, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ, ബ്രാന്റിംഗ് & മാർക്കറ്റിങ്ങ്, യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ, കമ്മ്യൂണിറ്റി വെൽനെസ്സ് പ്രോഗ്രാം മറ്റ് ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. 1700 ഓളം ചെറുകിട തൊഴിൽ സംരംഭങ്ങൾ സാഫിന്റെ കീഴിൽ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു.

### 2. JLG project for Ensuring Livelihood Security of Fisher women in Kerala

മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന JLG project for Ensuring Livelihood Security of Fisher women in Kerala പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/- രൂപ (ഒരു ഗ്രൂപ്പിന് 50000/- രൂപ) വീതം പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകി. തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് വീണ്ടും ലഭിക്കുമെന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പു വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. 1050 ജെഎൽജി യൂണിറ്റുകളിലായി 5250 മത്സ്യത്തൊഴിലാളി വനിതകൾക്ക് ധനസഹായം അനുവദിച്ചു. റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ തുടർഘട്ടങ്ങളിൽ അനുവദിച്ചു.

### 3. തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്

9 തീരദേശ ജില്ലകളിലായി ഗുണമേന്മയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യവിഭവങ്ങൾ തനത് രുചിയോടെ തയ്യാർ ചെയ്യുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 30 തീരമൈത്രി സീഫുഡ് റസ്റ്റോറന്റുകൾ ആരംഭിച്ചു. 5 പേരടങ്ങുന്ന ഒരു സീഫുഡ് റസ്റ്റോറന്റ് രൂപീകരിക്കുന്നതിനായി 5 ലക്ഷം രൂപ (പദ്ധതിയുടെ 75%) വരെ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 45 തീരമൈത്രി സീ ഫുഡ് റസ്റ്റ്റോറന്റുകൾ ആരംഭിച്ചിട്ടുണ്ട്.

### 4. ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക്

മത്സ്യവിൽപ്പനയിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കായി ഫിഷറീസ് വകുപ്പും സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-യും ചേർന്ന് 4 കിയോസ്ക്കുകളും കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയേഗിച്ച് CIFT രൂപകല്പന ചെയ്ത 20 കിയോസ്കുകളും ആയി 24 ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിലൂടെ 83 മത്സ്യത്തൊഴിലാളി വനിതകൾക്ക് പ്രയോജനം ലഭിച്ചു. ഗുണനിലവാരമുള്ള മത്സ്യം ന്യായമായ വിലയ്ക്ക്

ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും വൃത്തിയാക്കിയ മത്സ്യം വിപണനം നടത്തുന്നതിനും ഇതിലൂടെ സാധിക്കുന്നു.

## 5. തീരമാവേലി

സപ്ലൈകോ വഴി 14 മാവേലി ഇനത്തിൽപ്പെട്ട സബ്സിഡി സാധനങ്ങളും, എഫ്.എസ്.എസ്.ആർ, ശബരി സാധനങ്ങളും സംസ്ഥാനത്ത് തീരമൈത്രി പദ്ധതിയിൽ പ്രവർത്തിച്ച് വരുന്ന 10 സൂപ്പർമാർക്കറ്റുകൾ വഴിയും 5 കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോർ വഴിയും തീരദേശജനതയ്ക്ക് ലഭ്യമാക്കുന്നു. 20000 ത്തിൽ പരം തീരദേശ കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചുവരുന്നു.

## 6. അഷ്ടമുടി രണ്ടാംഘട്ട പദ്ധതി

ഒരേ മേഖലയിൽ തൊഴിൽ ചെയ്യുന്ന യൂണിറ്റുകളെ ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനും അതിലൂടെ അവരുടെ ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും സുസ്ഥിരമായ വരുമാനം ഉറപ്പ് വരുത്തുന്നതിനുമായി അപ്പാരൽ കൺസോർഷ്യം മാതൃകയിൽ അഷ്ടമുടി രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കി. 48 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 12 തയ്യൽ യൂണിറ്റുകൾ കൊല്ലം ജില്ലയിൽ Kundra Mahila Powerloom Society വക കെട്ടിടത്തിൽ ന്യൂട്രാക്ക് സൊസൈറ്റി എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. നൈറ്റി, കുർത്ത, യൂണിഫോം എന്നിവയുടെ നിർമ്മാണമാണ് ആരംഭിച്ചിട്ടുള്ളത്.

## 7. മത്സ്യബന്ധന ബോട്ടുകളുടെ ആധുനികവല്ക്കരണ പദ്ധതി

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുഗമമായ മത്സ്യബന്ധനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യബന്ധന ബോട്ടുകളുടെ ആധുനികവല്ക്കരണ പദ്ധതി നടപ്പിലാക്കിവരുന്നു.

മരത്തടിയിൽ നിർമ്മിച്ചതും 40 അടിയിൽ താഴെ മൊത്തം നീളമുള്ളതും, 200 HP യിൽ താഴെ പ്രൊപ്പൽഷനുള്ള സ്റ്റീൽ നിർമ്മിതമായതും ആയ ചെറിയ യന്ത്രവല്കൃത മത്സ്യബന്ധന യാനങ്ങൾ ഘട്ടം ഘട്ടമായി നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സ്വന്തം നിലയിൽ മത്സ്യബന്ധന യാനങ്ങൾ മാറ്റുന്നതിനോ നവീകരിക്കാനോ കഴിയാതെ ദൈനംദിന ഉപജീവനത്തിനായി ഇത്തരം മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്ന സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രയോജനം ചെയ്യും. പദ്ധതി പ്രകാരം 50% നിരക്കിൽ പരമാവധി 15.00 ലക്ഷം രൂപ വരെ ഒരു യൂണിറ്റിന് സബ്സിഡി നല്കും.

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ ആധുനിക യന്ത്രവത്കൃത ആഴക്കടൽ മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നല്കുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ 14 യാനങ്ങൾ, എഞ്ചിൻ, വല എന്നിവ വിതരണം ചെയ്യുന്നതിനായി പദ്ധതികൾ ആവിഷകരിച്ച് നടപ്പിലാക്കിവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി 8 ലക്ഷം രൂപ യൂണിറ്റ് തുകയുള്ള 120 FRP യാനങ്ങൾ നീലവിപ്ലവം പദ്ധതി പ്രകാരം പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2 ലക്ഷം രൂപ യൂണിറ്റ് തുകയുള്ള 200 FRP യാനങ്ങൾ PMMSY പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. തുടർന്ന് 5 ലക്ഷം രൂപ യൂണിറ്റ് വിലയുള്ള 200 FRP യാനങ്ങളും 40% സബ്സിഡിയോടെ വിതരണം ചെയ്തിട്ടുണ്ട്.

പരമ്പരാഗത മത്സ്യബന്ധനമേഖല നേരിടുന്ന പ്രതിസന്ധികളിൽ ഏറ്റവും പ്രധാനം മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന എഞ്ചിനുകൾക്കാവശ്യമായ മണ്ണെണ്ണയുടെ ലഭ്യതക്കുറവും വിലവർദ്ധനയും മലിനീകരണവുമാണ്. ഈ സാഹചര്യം മറികടക്കുന്നതിന് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധന മേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു.

പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്ക് പകരം LPG ഉപയോഗയിച്ച് പ്രവത്തിപ്പിക്കുന്നതിന് ആവശ്യമായ LPG കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 7 ലക്ഷം രൂപയുടെ പദ്ധതി സർക്കാർ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ LPG കിറ്റുകൾ വിതരണം ചെയ്യുകയും LOT അടിസ്ഥാനത്തിലുള്ള LPG കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തിയതിന്റെ ഭാഗമായി 22.01.2023 ന് വിതരണോദ് ഘാടനം നടത്തി. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് ലഭ്യമായതനുസരിച്ച് LPG ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടിരുന്നു. ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21.01.2023 ന് LPG കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു. മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ 75% സബ്സിഡിയോടുകൂടി LPG എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നതിന് 2023-24 സാമ്പത്തിക വർഷം 3 കോടി 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് മത്സ്യഫെഡ് മുഖാന്തരം തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ 1000 മണ്ണെണ്ണ എഞ്ചിനുകൾ 50% (പരമാവധി 50,000/-രൂപ) സബ്സിഡിയോടുകൂടി പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് പ്രകാരം മത്സ്യഫെഡ് മുഖാന്തരം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ 377 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടം ഘട്ടമായി എൽ.പി.ജി. ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിലേക്കും അതുവഴി ആഴക്കടലിൽ നിന്നുള്ള അധിക വിഭവങ്ങൾ പരമ്പരാഗത മേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിലേക്കുമായി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനു അനുയോജ്യമായ വിവയിധതരം ചൂണ്ടകളും നൂലും 75% സബ്സിഡി നല്കുന്ന പദ്ധതി 2023-24 ൽ നടപ്പിലാക്കി, 114 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായി.

Motorisation of Country Crafts പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40 HP വരെയുള്ള എൻജിൻ വാങ്ങുന്നതിനു പരമാവധി 30,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്ന പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കി വരുന്നു. കൂടാതെ Subsidy for suitable components of Fishing Gear പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് വല വാങ്ങുന്നതിന് മത്സ്യഫെഡ് മുഖേന പദ്ധതി നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്തെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിലൂടെ സമുദ്രജീവികളുടെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനും പാരിസ്ഥിതിക വെല്ലുവിളികൾ കുറയ്ക്കുന്നതിനും അതിലൂടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിനുമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന 2011-12 സാമ്പത്തിക വർഷം മുതൽ വിവിധ തീരപ്രദേശങ്ങളിൽ കൃത്രിമപാര് നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിലായി ആകെ 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു കഴിഞ്ഞു. തുടർന്ന് 2023-24 സാമ്പത്തിക വർഷം "കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കലും" എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 മത്സ്യഗ്രാമങ്ങളിൽ 150 മോഡ്യൂളുകൾ വീതം ആകെ 6300 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനോടകം 6300 കൃത്രിമപ്പാരുകളുടെയും നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു.

"കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള തീരത്ത് സുസ്ഥിര മത്സ്യബന്ധനവും ഉപജീവന മാർഗ്ഗങ്ങളുടെയും വർദ്ധിപ്പിക്കൽ" എന്ന PMMSY പദ്ധതിയുടെ രണ്ടാം ഘട്ടം കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 96 മത്സ്യ ഗ്രാമങ്ങളിലായി നടപ്പാക്കുന്നതിന് 29.76 കോടി രൂപയുടെ പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 60% ആയ 17.856 കോടി രൂപ കേന്ദ്ര വിഹിതവും 40% ആയ 11.904 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. കൂടാതെ പ്രസ്തുത പദ്ധതിയുടെ മൂന്നാം ഘട്ടം മലപ്പുറം , കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിലായി നടപ്പിലാക്കുന്നതിന് 25.8285 കോടി രൂപയുടെ പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 60% ആയ 15.4971 കോടി രൂപ കേന്ദ്ര വിഹിതവും 40% ആയ 10.3314 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.

കൂടാതെ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന പദ്ധതിയോടനുബന്ധിച്ച് നാഷണൽ ഫിഷറീസ് ഡെവലപ് മെന്റ് ബോർഡ് (NFDB) മുഖാന്തരം നടപ്പാക്കുന്ന "സീ റാഞ്ചിംഗ് "പദ്ധതി പ്രകാരം 3 കോടി രൂപയുടെ (100% കേന്ദ്ര വിഹിതം) പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയില് കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ട 10 ലോക്കേഷനുകളിലായി 10 ലക്ഷം പോമ്പാനോ/കോബിയ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു. തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന കൃത്രിമമായ ആവാസവ്യവസ്ഥ വഴി ലഭിക്കുന്ന മത്സ്യങ്ങളെ കൂടാതെ പ്രസ്തുത പദ്ധതി പ്രകാരം നിക്ഷേപ്പിക്കപ്പെടുന്ന വാണിജ്യ പ്രാധാന്യമേറിയ, കഞ്ഞുങ്ങൾ കൂടി ആകുമ്പോൾ മേൽപ്രദേശങ്ങളിൽ നിന്നും ജില്ലയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അധികമായി മത്സ്യങ്ങൾ ലഭിക്കുകയും അതിലൂടെ അവർക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള വരുമാന വർദ്ധനവും സാധ്യമാക്കുന്നതാണ്.

തീരദേശ മേഖലകളിൽ തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി ചുവടെപ്പറയുന്ന പദ്ധതികൾ മത്സ്യഫെഡ് വഴി നടപ്പിലാക്കി വരുന്നു.

- ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി) തീരദേശ മേഖലകളിൽ തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി മത്സ്യഫെഡിൽ അഫിലിയേറ്റ്

ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണ വായ്പ നൽകിവരുന്നു. പ്രസ്തുത വായ്പ 2018 – 2019 വർഷം മുതൽ പലിശ രഹിതമായിട്ടാണ് നടപ്പിലാക്കിവരുന്നത്.

- **ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ**

(എൻ.ബി.സി.എഫ്.ഡി.സി)./ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ .ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള വായ്പാ പദ്ധതികൾ

- ടേം വായ്പകൾ

തീരദേശ മേഖലകളിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ നൽകിവരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ ആറ് ശതമാനം പലിശ നിരക്കിൽ മൂന്ന് വർഷ കാലാവധിയിലും സ്വയം തൊഴിൽ സംരഭങ്ങൾക്ക് നൽകുന്ന വായ്പ, അഞ്ച് വർഷം കാലാവധിയിലുമാണ് വിതരണം ചെയ്ത് വരുന്നത്.

- മൈക്രോഫിനാൻസ് വായ്പ

തീരദേശ മേഖലയിൽ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി-യുടെയും എൻ.എം.ഡി.എഫ്.സി-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000//- രൂപ വരെ 5 ശതമാനം പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിലാണ് പ്രസ്തുത വായ്പ നൽകി വരുന്നത്.

- പലിശരഹിത വായ്പാ പദ്ധതി

ഈ പദ്ധതി വഴി മത്സ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് വിവിധ ഘട്ടങ്ങളിലായി പലിശ രഹിത വായ്പ വിതരണം ചെയ്തു വരുന്നു. ആദ്യ വായ്പ 10000/- രൂപ ഒരു വർഷ കാലാവധിയിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി 20,000/- രൂപ വിതരണം ചെയ്തു വരുന്നു. പലിശരഹിത വായ്പയുടെ വിതരണത്തിനാവശ്യമായ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ച് നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

2016 മുതൽ ഇതുവരെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|
| | 2016-17 സാമ്പത്തിക വർഷം | | |
| 1 | പി.എച്ച്.സി., ആറാട്ടുപുഴ, ലബോറട്ടറി, ഫാർമസി നിർമ്മാണം, ആലപ്പുഴ | 30.50 | പദ്ധതി പൂർത്തീകരിച്ചു |
| 2 | കുര്യാടി സബ് സെന്റർ നിർമ്മാണം, കോഴിക്കോട് | 56.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ഇരപുരം സബ് സെന്റർ നിർമ്മാണം, ചോറോട്, കോഴിക്കോട് | 53.00 | പദ്ധതി പൂർത്തീകരിച്ചു |
| 4 | മാട്ടൂൽ സബ് സെന്റർ നിർമ്മാണം, കണ്ണൂർ | 33.00 | പദ്ധതി പൂർത്തീകരിച്ചു |
| | <u>2017-18 സാമ്പത്തിക വർഷം</u> | | |
| 5 | വർക്കല താലൂക്ക് ആശുപത്രി - പാലിയേറ്റീവ് ബ്ലോക്ക് നിർമ്മാണ ം, തിരുവനന്തപുരം | 138.00 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 6 | ആയുർവേദ ആശുപത്രി വികസനം, കടയ്ക്കാവൂർ, തിരുവനന്തപുരം | 159.00 | പദ്ധതി പൂർത്തീകരിച്ചു |
| 7 | കൊല്ലം ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണം | 400.00 | പദ്ധതി പൂർത്തീകരിച്ചു |
| 8 | നെടുമ്പന സി.എച്ച്.സി., കെട്ടിട നിർമ്മാണം, കൊല്ലം | 410.00 | പദ്ധതി പൂർത്തീകരിച്ചു |
| 9 | കണ്ടല്ലൂർ സബ് സെന്റർ കെട്ടിട നിർമ്മാണം, ആലപ്പുഴ | 198.00 | പദ്ധതി പൂർത്തീകരിച്ചു |
| 10 | അഴീക്കോട് ആയുർവേദ ആശുപത്രി - പുതിയ കെട്ടിടം, തൃശ്ശൂർ | 83.00 | പദ്ധതി പൂർത്തീകരിച്ചു |
| 11 | വളപ്പാട് ആയുർവേദ ആശുപത്രി - പുതിയ കെട്ടിടം, തൃശ്ശൂർ | 151.00 | പദ്ധതി പൂർത്തീകരിച്ചു |
| 12 | പയ്യോളി പി.എച്ച്.സി. - കെട്ടിട നിർമ്മാണം, കോഴിക്കോട് | 141.00 | പദ്ധതി പൂർത്തീകരിച്ചു |
| 13 | രാമന്തളി പി.എച്ച്.സി. കെട്ടിട നിർമ്മാണം, കണ്ണൂർ | 61.00 | പദ്ധതി പൂർത്തീകരിച്ചു |
| 14 | പള്ളിക്കര പി.എച്ച്.സി., കെട്ടിട നിർമ്മാണം, കാസർഗോഡ് | 187.00 | പദ്ധതി പൂർത്തീകരിച്ചു |
| 15 | വി.കെ.പി. മെമ്മോറിയൽ പടന്ന, കെട്ടിട നിർമ്മാണം, കാസർഗോഡ് | 194.00 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | **<u>2019-20 സാമ്പത്തിക വർഷം</u>** | | |
| 16 | കൊറ്റംകര പി.എച്ച്.സി. വികസനം | 209.00 | പദ്ധതി പൂർത്തീകരിച്ചു |
| 17 | പെരിനാട് ആയുർവേദ ആശുപത്രി വികസനം | 198.00 | പദ്ധതി പൂർത്തീകരിച്ചു |
| | **<u>2020-21 സാമ്പത്തിക വർഷം</u>** | | |
| 18 | പി.എച്ച്.സി. പേരയം | 167.98 | പദ്ധതി പൂർത്തീകരിച്ചു |
| 19 | ആയുർവേദ ഹോസ്പിറ്റൽ, നായരമ്പലം | 215.46 | പദ്ധതി പൂർത്തീകരിച്ചു |
| | **<u>2021-22 സാമ്പത്തിക വർഷം</u>** | | |
| 20 | ഫാമിലി ഹെൽത്ത് സെന്റർ, പുതിയാപ്പ | 138.60 | പദ്ധതി പൂർത്തീകരിച്ചു |
| | **<u>2022-23 സാമ്പത്തിക വർഷം</u>** | | |
| 21 | സി എച്ച് സി, താനൂർ പുതിയ ഡയാലിസ്സിസ്സ് സെൻറർ | 232.12 | പദ്ധതി പുരോഗമിക്കുന്നു |
| 22 | പി എച്ച് സി, ധർമ്മടം പുതിയ കെട്ടിടം | 424.00 | പദ്ധതി പുരോഗമിക്കുന്നു |
| 23 | പി എച്ച് സി, മുഴിപ്പിലങ്ങാട് പുതിയ കെട്ടിടം | 313.00 | പദ്ധതി പുരോഗമിക്കുന്നു |

2016 മുതൽ ഇതുവരെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷ ത്തിൽ ) | നിലവിലെ അവസ്ഥ |
|---|---|---|---|
| | **2016-17 സാമ്പത്തിക വർഷം** | | |
| | **സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ** | | |
| 1 | ജി.ആർ.എഫ്.ടി.എച്ച്.എസ്. വലിയതുറ - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, തിരുവനന്തപുരം | 466.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.എച്ച്.എസ്.എസ്. വലിയഴീക്കൽ - ടോയ്ലറ്റ് നിർമ്മാണം, ആലപ്പുഴ | 25.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ജി.എച്ച്.എസ്.എസ്. പുത്തൻതോട്, ചെല്ലാനം - ക്ലാസ്സ് റൂം, ഗ്രൗണ്ട് നിർമ്മാണം എറണാകുളം | 120.00 | പദ്ധതി പൂർത്തീകരിച്ചു |
| 4 | ജി.വി.എച്ച്.എസ്.എസ്. കടമക്കുടി - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, എറണാകുളം | 435.30 | പദ്ധതി പൂർത്തീകരിച്ചു |
| 5 | ജി.യുപി.എസ്. ചീരാൻ കടപ്പുറം - അക്കാദമിക് ബ്ലോക്ക് നിർമ്മാണം മലപ്പുറം | 167.00 | പദ്ധതി പൂർത്തീകരിച്ചു |
| 6 | ജി.വി.എച്ച്.എസ്.എസ്. മടപ്പള്ളി - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കോഴിക്കോട് | 250.00 | പദ്ധതി പൂർത്തീകരിച്ചു |
| 7 | ജി.എഫ്.എച്ച്.എസ്.എസ്. പുതിയാപ്പ - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കോഴിക്കോട് | 203.00 | പദ്ധതി പൂർത്തീകരിച്ചു |
| 8 | ജി.എം.യുപി.എസ്. പുതിയങ്ങാടി - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കണ്ണൂർ | 121.00 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 9 | ജി.ആർ.എഫ്.ടി.എച്ച്.എസ്. അഴീക്കൽ - അക്കാഡമിക് ബ്ലോക്ക്, ആഡിറ്റോറിയം നിർമ്മാണം, കണ്ണൂർ | 217.00 | പദ്ധതി പൂർത്തീകരിച്ചു |
| 10 | ജി.യുപി.എസ്. അട്ടുക്കത്ത് ബയൽ, കസബ - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കാസർഗോഡ് | 149.00 | പദ്ധതി പൂർത്തീകരിച്ചു |
| | **നബാർഡ് പദ്ധതികൾ** | | |
| 18 | ജി.യുപി.എസ്. നല്ലില, അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കൊല്ലം | 185.00 | പദ്ധതി പൂർത്തീകരിച്ചു |
| 19 | ജി.യുപി.എസ്. വെള്ളിമൺ, അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കൊല്ലം | 227.00 | പദ്ധതി പൂർത്തീകരിച്ചു |
| 20 | ജി.വി.എച്ച്.എസ്.എസ്. ഞാറയ്ക്കൽ അക്കാദമിക് ബ്ലോക്ക് നിർമ്മാണം, എറണാകുളം | 420.00 | പദ്ധതി പൂർത്തീകരിച്ചു |
| | **<u>2017-18 സാമ്പത്തിക വർഷം</u>** | | |
| | **സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ** | | |
| 1 | ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണം - തേവര | 43.31 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണം - കാഞ്ഞങ്ങാട് | 37.50 | പദ്ധതി പൂർത്തീകരിച്ചു |
| | **നബാർഡ് പദ്ധതികൾ** | | |
| 3 | ഗവ വെൽഫയർ ലോവർ പ്രൈമറി സ്കൂൾ, പെരിനാട്, അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കൊല്ലം | 245.76 | പദ്ധതി പൂർത്തീകരിച്ചു |
| 4 | ഗവ ലോവർ പ്രൈമറി സ്കൂൾ, പടപ്പക്കര അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കൊല്ലം | 228.29 | പദ്ധതി പൂർത്തീകരിച്ചു |
| 5 | ഗവ ഹയർ സെക്കണ്ടറി സ്കൂൾ അഴിയൂർ, അക്കാദമിക് ബ്ലോക്ക് നിർമ്മാണം, വടകര, കോഴിക്കോട് | 474.74 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | **2018-19 സാമ്പത്തിക വർഷം** | | |
| | **സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ** | | |
| 1 | ജി.ആർ.എഫ്.ടി.എച്ച്.എസ്., വലിയതുറ - സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കൽ | 476.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.ആർ.എഫ്.ടി.എച്ച്.എസ്., താനൂർ - സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കൽ | 1002.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ജി.ആർ.എഫ്.ടി.എച്ച്.എസ്., ബേപ്പൂർ - സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കൽ | 435.00 | പദ്ധതി പൂർത്തീകരിച്ചു |
| 4 | ജി.ആർ.എഫ്.ടി.എച്ച്.എസ്., അഴീക്കൽ - സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കൽ | 558.00 | പദ്ധതി പൂർത്തീകരിച്ചു |
| 5 | ജി.ആർ.എഫ്.ടി.എച്ച്.എസ്., കരുനാഗപ്പള്ളി പുനരുദ്ധാരണം | 44.00 | പദ്ധതി പൂർത്തീകരിച്ചു |
| | **2019-20 സാമ്പത്തിക വർഷം** | | |
| | **സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ** | | |
| 1 | ജി.ആർ.എഫ്.ടി.എച്ച്.എസ്., അർത്തുങ്കൽ - മെയിന്റനൻസ് | 3.30 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.ആർ.എഫ്.ടി.എച്ച്.എസ്., ചാവക്കാട് - മെയിന്റനൻസ് | 3.45 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | **കിഫ്ബി പദ്ധതികൾ** | | |
| 1 | ഗവ. എൽ.പി. സ്കൂൾ, പെരുമാതുറ, തിരുവനന്തപുരം | 73.14268 | പദ്ധതി പൂർത്തീകരിച്ചു. |
| 2 | ഗവ. മോഡൽ യു.പി. സ്കൂൾ, കാക്കാട്ടുമൂല, മയ്യനാട്. കൊല്ലം | 43.54928 | പദ്ധതി പൂർത്തീകരിച്ചു. |
| 3 | ഗവ. യു.പി. സ്കൂൾ, പഴങ്കാലം, കൊല്ലം | 51.36760 | പദ്ധതി പൂർത്തീകരിച്ചു. |
| 4 | ഗവ. ഹയർസെക്കന്ററി സ്കൂൾ, ചെറിയഴീക്കൽ, കൊല്ലം | 148.00 | പദ്ധതി പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| 5 | ഗവ. ടൗൺ യു.പി. സ്കൂൾ, കരുനാഗപ്പള്ളി | 230.02923 | പദ്ധതി പൂർത്തീകരിച്ചു. |
| 6 | തകഴി ശിവശങ്കരപിള്ള മെമ്മോറിയൽ ഗവ. യു.പി. സ്കൂൾ, തകഴി, ആലപ്പുഴ | 90.37779 | പദ്ധതി പൂർത്തീകരിച്ചു. |
| 7 | ഗവ. ഹൈസ്കൂൾ, കോടംതുരുത്ത് , ആലപ്പുഴ | 299.34373 | പദ്ധതി പൂർത്തീകരിച്ചു. |
| 8 | ഗവ. യു.പി. സ്കൂൾ ചിറയ്ക്കകം, വാരാപ്പുഴ, എറണാകുളം | 81.10453 | പദ്ധതി പൂർത്തീകരിച്ചു. |
| 9 | ഗവ. ഫിഷറീസ് യു.പി. സ്കൂൾ, വാടാനപ്പള്ളി, തൃശ്ശൂർ | 62.7389 | പദ്ധതി പൂർത്തീകരിച്ചു. |
| 10 | ഗവ. ഫിഷറീസ് യു.പി. സ്കൂൾ, മന്ദലംകുന്ന്, തൃശ്ശൂർ | 68.5358 | പദ്ധതി പൂർത്തീകരിച്ചു |
| 11 | ഗവ. മോഡൽ എൽ.പി. സ്കൂൾ, കൂട്ടായി നോർത്ത്, മലപ്പുറം | 32.9282 | പദ്ധതി പൂർത്തീകരിച്ചു |
| 12 | ഗവ. യു.പി. സ്കൂൾ, പുറത്തൂർ, മലപ്പുറം | 99.96736 | പദ്ധതി പൂർത്തീകരിച്ചു |
| 13 | ഗവ. മോപ്പിള എൽ.പി.സ്കൂൾ, താനൂർ, മലപ്പുറം | 49.51078 | പദ്ധതി പൂർത്തീകരിച്ചു |
| 14 | ഗവ. എൽ.പി. സ്കൂൾ, ചെട്ടിപ്പാടി, പരപ്പനങ്ങാടി, മലപ്പുറം | 48.58291 | പദ്ധതി പൂർത്തീകരിച്ചു |
| 15 | ഗവ. യു.പി. സ്കൂൾ, അരിയല്ലൂർ, മലപ്പുറം | 185.96356 | പദ്ധതി പൂർത്തീകരിച്ചു |
| 16 | ഗവ. എൽ.പി. സ്കൂൾ, വള്ളിക്കുന്ന് മലപ്പുറം | 60.27975 | പദ്ധതി പൂർത്തീകരിച്ചു |
| 17 | ഗവ. എൽ.പി. സ്കൂൾ, ബേപ്പൂർ സൗത്ത്, കോഴിക്കോട് | 59.13632 | പദ്ധതി പൂർത്തീകരിച്ചു |
| 18 | ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ, കോരപ്പുഴ, കോഴിക്കോട് | 67.4671 | പദ്ധതി പൂർത്തീകരിച്ചു |
| 19 | ഗവ. ഫിഷറീസ് യു.പി. സ്കൂൾ, കൊയിലാണ്ടി, കോഴിക്കോട് | 63.7201 | പദ്ധതി പൂർത്തീകരിച്ചു |
| 20 | ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ, മേലടി, പയ്യോളി, കോഴിക്കോട് | 60.69059 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 21 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, മുഴപ്പില ങ്ങാട് , കണ്ണൂർ | 113.98935 | പദ്ധതി പൂർത്തീ കരിച്ചു |
| 22 | സിറ്റി ഗവ. ഹയർ സെക്കന്ററി സ്കൂൾ, ക ണ്ണൂർ | 140.2513 9 | പദ്ധതി പൂർത്തീ കരിച്ചു |
| 23 | ഗവ. യു.പി. സ്കൂൾ, നീർച്ചാൽ കണ്ണൂർ | 73.67279 | പദ്ധതി പൂർത്തീ കരിച്ചു |
| 24 | ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, മാടായി, കണ്ണൂർ | 203.81861 | പദ്ധതി പൂർത്തീ കരിച്ചു |
| 25 | ഗവ. യു.പി. സ്കൂൾ, കവ്വായി, കണ്ണൂർ | 67.68969 | പദ്ധതി പൂർത്തീ കരിച്ചു |
| 26 | ഗവ. ഹയർ സെക്കന്ററി സ്കൂർ, ഏറ്റിക്കുള ം, കണ്ണൂർ | 135.67216 | പദ്ധതി പൂർത്തീ കരിച്ചു |
| 27 | കെ.ജി.വി. ഗവ. യു.പി. സ്കൂൾ, ഇളമ്പല്ലൂർ , കൊല്ലം | 186.5929 7 | പദ്ധതി പൂർത്തീ കരിച്ചു |
| 28 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, ഇടവില ങ്ങ്, തൃശ്ശൂർ | 138.33185 | പദ്ധതി പൂർത്തീ കരിച്ചു |
| 29 | ഗവ. എൽ.പി. സ്കൂൾ, ചാലിൽഗോപാൽ പേട്ട, കണ്ണൂർ | 74.01875 | പദ്ധതി പൂർത്തീ കരിച്ചു |
| 30 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, പാലിയാ ട് , ധർമ്മടം | 81.13739 | പദ്ധതി പൂർത്തീ കരിച്ചു |
| 31 | ഗവ. ഹയർ സെക്കന്ററി സ്കൂർ, രാമന്തളി , കണ്ണൂർ | 142.2714 0 | പദ്ധതി പൂർത്തീ കരിച്ചു |
| 32 | ഗവ. ഫിഷറീസ് ഹയർ സെക്കന്ററി സ്കൂ ൾ, പടന്ന കടപ്പുറം കാസർഗോഡ് | 115.85495 | പദ്ധതി പൂർത്തീ കരിച്ചു |
| 33 | ഗവ. ഫിഷറീസ് ഹയർ സെക്കന്ററി സ്കൂ ൾ, കടംകോട് കാസർഗോഡ് | 148.4987 0 | പദ്ധതി പൂർത്തീ കരിച്ചു |

| | | | |
|---|---|---|---|
| 34 | ഗവ. യു.പി. സ്കൂൾ, കീക്കാൻ, ഉദുമ, കാസർഗോഡ് | 43.89587 | പദ്ധതി പൂർത്തീകരിച്ചു |
| 35 | ഗവ. എച്ച്.എസ്.എസ്., പാക്കം, പള്ളിക്കര, ഉദുമ | 81.95399 | പദ്ധതി പൂർത്തീകരിച്ചു |
| 36 | ഗവ. എച്ച്.എസ്.എസ്., കാസർഗോഡ് | 161.68969 | പദ്ധതി പൂർത്തീകരിച്ചു |
| 37 | ജി.എച്ച്.എസ്.എസ്., മഞ്ചേശ്വരം | 179.34343 | പദ്ധതി പൂർത്തീകരിച്ചു |
| 38 | ഗവ. യു.പി. സ്കൂൾ, ബീമാപള്ളി, തിരുവനന്തപുരം | 125.84444 | പദ്ധതി പൂർത്തീകരിച്ചു |
| 39 | ഗവ. എൽ.പി. സ്കൂൾ, വർക്കല | 173.22005 | പദ്ധതി നടന്നു വരുന്നു |
| 40 | ഗവ. ഹയർ സെക്കന്ററി സ്കൂൾ വീയ്യപുരം, ആലപ്പുഴ | 162.19758 | സിവിൽ പ്രവൃത്തി പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ ടെണ്ടർ ചെയ്തു |
| 41 | ഗവ. യു.പി. സ്കൂൾ, ആരിയാട് നോർത്ത്, ആലപ്പുഴ | 85.13593 | പദ്ധതി പൂർത്തീകരിച്ചു |
| 42 | കോനാത്ത്കുന്ന് ഗവ. എൽ.പി. സ്കൂൾ, വെള്ളങ്ങല്ലൂർ, തൃശ്ശൂർ | 227.74186 | പദ്ധതി പൂർത്തീകരിച്ചു |
| 43 | ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ, ചാലിയം, കോഴിക്കോട് | 58.93915 | പദ്ധതി പൂർത്തീകരിച്ചു |
| 44 | ഗവ. എൽ.പി. സ്കൂൾ, പള്ളിക്കണ്ടി സൗത്ത്, കോഴിക്കോട് | 66.07843 | പദ്ധതി പൂർത്തീകരിച്ചു |
| 45 | ഗവ. ഹയർ സെക്കന്ററി സ്കൂൾ പുതിയാപ്പ, കോഴിക്കോട് | 158.19330 | പദ്ധതി പൂർത്തീകരിച്ചു |
| 46 | ഗവ. യു.പി. സ്കൂൾ, അന്തിട്ട, കൊയിലാണ്ടി, കോഴിക്കോട് | 92.6987 | പദ്ധതി പൂർത്തീകരിച്ചു |
| 47 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, കൊടുവള്ളി, കണ്ണൂർ | 202.6 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 48 | ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ, അഴീക്ക ോട് | 65.32536 | പദ്ധതി പൂർത്തീകരിച്ചു |
| 49 | ഗവ. മാപ്പിള യു.പി.എസ്, പള്ളിക്കര | 187.65004 | പദ്ധതി പൂർത്തീകരിച്ചു |
| 50 | ഗവ. എൽ.പി. സ്കൂൾ, കോട്ടപ്പുറം, കൊല്ല ം | 107.13710 | ഉടമ്പടി റദ്ദ് ചെയ്ത് പുനക്രമീകരിക്കുന്നു |
| 51 | ഗവ. ടൗൺ യു.പി. സ്കൂൾ, കച്ചേരിമുക്ക്, കൊല്ലം | 95.51912 | ഉടമ്പടി റദ്ദ് ചെയ്ത് പുനക്രമീകരിക്കുന്നു |
| 52 | ഗവ. യു.പി. സ്കൂൾ കാർത്തികപ്പള്ളി, ആലപ്പുഴ | 201.21312 | പദ്ധതി പുരോഗമിക്കുന്നു |
| 53 | ജി.എച്ച്.എസ്.എസ്., കേരളപുരം | 210.92907 | സിവിൽ പ്രവൃത്തിയുടെ പാക്കേജ് സമർപ്പിച്ചത്, ഇലക്ട്രിക്കൽ പ്രവൃത്തികൾ കൂടി ചേർത്ത് composite tender ആയി നടപടി സ്വീകരിക്കു ന്നതിന് കിഫ്ബിയിൽ നിന്നും മടക്കിയിരുന്നു. ആയത് ക ിഫ്ബിയിൽ പുനസമർപ്പിച്ചതിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമാകേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| 54 | ഗവ. ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, കുഴിത്തുറ, കൊല്ലം | 175.47705 | പദ്ധതി പുരോഗമിക്കുന്നു |
| 55 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, വെളിയംകോട്, മലപ്പുറം | 130.0279 | പദ്ധതി പുരോഗമിക്കുന്നു |
| 56 | ഗവ. യു.പി. സ്കൂൾ, കീഴൂർ, ഉദുമ, കാസർഗോഡ് | 78.72281 | പദ്ധതി പുരോഗമിക്കുന്നു |
| 57 | ഗവ. യു.പി.എസ്, അഗസരഹോള, ഉദുമ | 64.79482 | പ്രവൃത്തി പുരോഗമിക്കുന്നു |
| | **2020-21 സാമ്പത്തിക വർഷം** | | |
| | **സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ** | | |
| 1 | എ.എസ്.എച്ച്.എസ്.എസ്. പുത്തൻതുറ | 231.56 | പദ്ധതി പുരോഗമിക്കുന്നു |
| 2 | എം.വി.ജി.എൽ.പി.എസ്. പേരൂർ | 289.99 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | **2021–22 സാമ്പത്തിക വർഷം** | | |
| | **സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ** | | |
| 1 | ജി.ആർ.എഫ്.ടി.എച്ച്.എസ്., കാഞ്ഞങ്ങാട് ഹോസ്റ്റൽ റീവയറിംഗ് | 4.38 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.എഫ്.എൽ.പി.എസ്., അരിക്കാടി, കുമ്പള പുനരുദ്ധാരണം | 33.17 | പദ്ധതി പൂർത്തീകരിച്ചു |
| 3 | കിച്ചൺ, ഡൈനിംഗ് ഹാൾ നിർമ്മാണം, ജി.എച്ച്.എച്ച്.എസ്. മുഴിപ്പിലങ്ങാട് | 37.30 | പദ്ധതി പൂർത്തീകരിച്ചു |
| 4 | സ്പോർട്ട്സ് ഗ്രൗണ്ട് വികസനം, ജി.എച്ച്.എസ്സ്.എസ്സ്, പാലയോട്, ധർമ്മടം | 170.10 | പദ്ധതി പൂർത്തീകരിച്ചു |
| | **2022–23 സാമ്പത്തിക വർഷം** | | |
| | **സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ** | | |
| 1 | ജി.ആർ.എഫ്.ടി.എച്ച്.എസ്., താനൂർ, മലപ്പുറം, സ്റ്റെയർകേസ് കൺസ്ട്രക്ഷൻ | 8.23 | പദ്ധതി പൂർത്തീകരിച്ചു |

**തീരദേശ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്താനായി നടപ്പിലാക്കിയ പദ്ധതികൾ**

- കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കൊല്ലം ശക്തികുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന മത്സ്യ സംസ്കരണ യൂണിറ്റിൽ ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രയറിൽ മത്സ്യ ഉൽപ്പന്നങ്ങൾ പ്രത്യേകം പരിശീലനം നൽകിയ വനിതകൾ മുഖേന ഉണക്കി വിപണിയിൽ എത്തിച്ചു വരുന്നു.

- കേന്ദ്ര സർക്കാരിന്റെ പ്രാധാന മന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗം ഉറപ്പാക്കുന്നതിനായി ഫിഷ് വെന്റിംഗ് ആട്ടോ കിയോസ്കുകൾ, ഫിഷ് വെന്റിംഗ് കിയോസ്കുകൾ, പോർട്ടബിൾ സോളാർ ഡ്രയർ, ഫിഷ് പ്രോസ്സസ്സിംഗ് കിയോസ്കുകൾ, മത്സ്യവിപണനത്തിനായി 6 സ്കൂട്ടറുകൾ, ഫുഡ് ട്രക്ക് എന്നിവ നൽകുന്നു.

- ഇതിനു പുറമെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടു കൂടിയ മത്സ്യ മാർക്കറ്റുകൾ, മത്സ്യ ഫാമുകൾ / ഹാച്ചറികളുടെ വികസനം, മത്സ്യബന്ധന ഹാർബർ ഫിഷ് ലാന്റിംഗ് സെന്റർ എന്നിവ നിർമ്മിച്ചു വരുന്നു. ഇവയിലൂടെ ഒട്ടനവധി പേർക്ക് പരോക്ഷമായി തൊഴിൽ നൽകുന്നതിന് സാധിക്കുന്നതാണ്.